"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസന വകുപ്പ് - ജീവനക്കാര്യം - അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി ലിമിറ്റഡ് - ശ്രീ. ആർ. രാജേഷ് കുമാർ, സെക്രട്ടറി - അന്യത്ര സേവനം ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1086/2024/SCSTD തീയതി,തിരുവനന്തപുരം, 10-12-2024

പരാമർശം:-

1. സ.ഉ(സാധാ)നം.826/2020/പജപവവിവ തീയതി, 14.10.2020.
2. സ.ഉ(സാധാ)നം.1055/2021/പജപവവിവ തീയതി, 08.12.2021.
3. സ.ഉ(സാധാ)നം.1059/2022/പജപവവിവ തീയതി, 20.10.2022.
4. സ.ഉ(സാധാ)നം.1278/2023/പജപവവിവ തീയതി, 21.10.2023.
5. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 03.10.2024 ലെ E/E1/2813/2022/STDD നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1)പ്രകാരം , പട്ടികവർഗ്ഗ വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ ആയ ശ്രീ.ആർ.രാജേഷ് കുമാറിനെ അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി ലിമിറ്റഡിൽ **സെക്രട്ടറി** തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നു. ടിയാന്റെ അന്യത്ര സേവന കാലാവധി പരാമർശം (2), (3), (4) ഉത്തരവുകൾ പ്രകാരം ദീർഘിപ്പിച്ച നൽകിയിരുന്നു.

ശ്രീ. ആർ. രാജേഷ് കുമാറിന്റെ (PEN 373302), അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി ലിമിറ്റഡിലെ സെക്രട്ടറി തസ്തികയിലെ അന്യത്രസേവന കാലാവധി 21.10.2024 -ന് അവസാനിക്കുകയാണെന്നും, ആയതിനാൽ 22.10.2024 മുതൽ ഒരു വർഷത്തേക്ക് കൂടി ടിയാന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച നൽകണമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി ലിമിറ്റഡിൽ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന ശ്രീ.ആർ.രാജേഷ് കുമാറിന്റെ

അന്യത്രസേവന കാലാവധി 22.10.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി (അഞ്ചാം വർഷം) ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.

ശ്രീ. ആർ. രാജേഷ് കുമാർ, സെക്രട്ടറി, അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി ലിമിറ്റഡ്, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Abhilash Kumar V S
സെക്ഷൻ ഓഫീസർ
Date: 11-12-2024 11:55:40